"ഭരണഭാഷ – മാതൃഭാഷ"
വ്യാവസായിക പരിശീലനവകുപ്പ്
(കേരളസംസ്ഥാനം)

തൊഴിൽ ഭവൻ,തിരുവനന്തപുരം

നമ്പർ: DT/2538/2024-G3 തീയതി: 03-07-2024

## വിജ്ഞാപനം

വിഷയം:- വ്യാവസായിക പരിശീലന വകുപ്പ് - ട്രെയിനിംഗ് ഡയറക്ടറേറ്റ് - എസ്.സി.വി.ടി ട്രേഡ് ടെസ്റ്റ് ഓഗസ്റ്റ് 2024 - ആറു മാസ കോഴ്സ് (റഗുലർ, സപ്ലിമെന്ററി) ട്രേഡ് ടെസ്റ്റിൽ പങ്കെടുക്കുന്നതിനായി ട്രെയിനികളിൽ നിന്നും അപേക്ഷകൾ ക്ഷണിച്ചുകൊണ്ട് വിജ്ഞാപനം പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്.

***********

സംസ്ഥാനത്തെ സർക്കാർ ഐ.ടി.ഐകളിൽ വെച്ച് ഓഗസ്റ്റ് 2024-ന് നടക്കുന്ന എസ്.സി.വി.ടി ട്രേഡ് ടെസ്റ്റിൽ (റഗുലർ,സപ്ലിമെന്ററി) പങ്കെടുക്കുന്നതിന് 2024 ഫെബ്രുവരി-2024 ജൂലൈ സെഷനിൽ ആറുമാസ കോഴ്സിൽ പ്രവേശനം നേടിയ ട്രെയിനികളിൽ നിന്നും, കൂടാതെ 6 മാസ SCVT ട്രേഡുകളിൽ അഡ്മിഷൻ എടുത്ത് റഗുലർ പരീക്ഷ എഴുതി തോറ്റവരോ പരീക്ഷയിൽ പങ്കെടുക്കാതിരുന്നവരോ ആയ ട്രെയിനികളിൽ നിന്നും(DGT യുടെ 28 / 05 / 2024 ലെ DGT -18011 / 4 / 2023 -O /o DIR (TT )FTS No E -62494 നമ്പർ പുതുക്കിയ ഉത്തരവ് പ്രകാരം സപ്ലിമെന്ററി ട്രെയിനികളുടെ അവസരങ്ങൾ, പരമാവധി 04 ആയി പരിമിതപ്പെടുത്തിയിട്ടുണ്ട്.(1 റെഗുലർ അവസരവും,3 തുടർച്ചയായ സപ്ലിമെന്ററി അവസരങ്ങളും) ഇതനുസരിച്ചുള്ള ട്രെയിനികൾക്ക് അപേക്ഷ സമർപ്പിക്കാവുന്നതാണ്.) നിശ്ചിത ഫോറത്തിൽ അപേക്ഷകൾ ക്ഷണിയ്ക്കുന്നു.

"0230-ലേബർ ആന്റ് എംപ്ലോയ്മെന്റ്-00-800-അദർ റസീപ്റ്റ്സ്-88 അദർ ഐറ്റംസ്" എന്ന ശീർഷകത്തിൽ റഗുലർ പരീക്ഷയ്ക്ക് 110/- രൂപയും, സപ്ലിമെന്ററി പരീക്ഷയ്ക്കായി 170/- രൂപയും ഒടുക്കിയ അസ്സൽ ചെലാൻ അപേക്ഷകളുടെ രണ്ട് പകർപ്പ്, എസ്.എസ്.എൽ.സിയുടെ കോപ്പി എന്നിവ സഹിതം 05/07/2024-ന് വൈകുന്നേരം 5 മണിയ്ക്ക് മുൻപായി ബന്ധപ്പെട്ട പ്രിൻസിപ്പൾമാർക്ക് സമർപ്പിക്കേണ്ടതാണ്. 60/- രൂപ ഫൈനോടുകൂടി അപേക്ഷ സ്വീകരിക്കുന്നതിനുള്ള അവസാന തീയതി 07/07/2024 ആണ്.

ബന്ധപ്പെട്ട പ്രിൻസിപ്പാൾമാർ ട്രെയിനികളിൽ നിന്നും ശേഖരിക്കുന്ന തുക ട്രഷറിയിൽ അടച്ച് ആയതിന്റെ രസീത് നമ്പർ, 6 മാസ റെഗുലർ പരീക്ഷ എഴുതുന്ന കുട്ടികളുടെ എണ്ണം, 6 മാസ സപ്ലിമെന്ററി പരീക്ഷ എഴുതുന്ന കുട്ടികളുടെ എണ്ണം എന്നീ വിവരങ്ങൾ 08/07/2024-ന് വൈകുന്നേരം 5 മണിയ്ക്ക് മുൻപായി scvttradetest@gmail.com എന്ന ഇ-മെയിൽ വിലാസത്തിൽ ലഭ്യമാക്കേണ്ടതാണ്.

Signed by
Mini Mathew
Date: 03-07-2024 16:07:27

**അഡീഷണൽ ഡയറക്ടർ ഓഫ് ട്രെയിനിംഗ്**

**സെക്രട്ടറി, സ്റ്റേറ്റ് കൗൺസിൽ ഫോർ വൊക്കേഷണൽ ട്രെയിനിംഗ്**

വകുപ്പിന് കീഴിലുള്ള എല്ലാ സർക്കാർ ഐ.ടി.ഐ പ്രിൻസിപ്പാൾമാർക്ക്

പകർപ്പ് :

1. ഡി.റ്റിയുടെ സി.എ/എ.ഡി.റ്റി/ ജെ.ഡി.റ്റി/ ജെ.ഡി (ആർ.ജെ.ഡി.കണ്ണൂർ)
2. ഡി.എസ്.എ, ഡി.ഡി.റ്റി, ഡി.ഡി.പി,എല്ലാ ഇൻസ്പെക്ടർ ഓഫ് ട്രെയിനിംഗുമാർക്കും,റ്റി.റ്റി.ഒ, എസ്.എസ്.(ജി), കരുതൽ ഫയൽ (ജി)
3. വകുപ്പ് വെബ്സൈറ്റിലേക്ക്.

"ഭരണഭാഷ – മാതൃഭാഷ"
വ്യാവസായിക പരിശീലനവകുപ്പ്
(കേരളസംസ്ഥാനം)

**നിർദേശങ്ങൾ**

വിഷയം:- വ്യാവസായിക പരിശീലന വകുപ്പ് - ട്രെയിനിംഗ് ഡയറക്ടറേറ്റ് എസ്.സി.വി.ടി ട്രേഡ് ടെസ്റ്റ് ഓഗസ്റ്റ് 2024 - ആറു മാസ കോഴ്സ് (റഗുലർ,സപ്ലിമെന്ററി)-ട്രെയിനികളിൽ നിന്നും അപേക്ഷകൾ സ്വീകരിക്കുമ്പോൾ ബന്ധപ്പെട്ട പ്രിൻസിപ്പാൾമാർ കൈക്കൊള്ളേണ്ട നടപടിക്രമങ്ങൾ അറിയിക്കുന്നത്- സംബന്ധിച്ച്

**********

ട്രെയിനികൾ സമർപ്പിക്കുന്ന അപേക്ഷകളിന്മേൽ താഴെപ്പറയുന്ന നടപടിക്രമങ്ങൾ ബന്ധപ്പെട്ട പ്രിൻസിപ്പാൾമാർ സ്വീകരിക്കേണ്ടതാണ്.

1. 2024 ഫെബ്രുവരി - 2024 ജൂലൈ സെഷനിൽ ആറുമാസ കോഴ്സിൽ പ്രവേശനം നേടിയ ട്രെയിനികളുടെ അപേക്ഷകൾ മാത്രമേ സംസ്ഥാനത്തെ സർക്കാർ ഐ.ടി.ഐകളിൽ വെച്ച് ഓഗസ്റ്റ് 2024-ൽ നടക്കുന്ന എസ്.സി.വി.റ്റി (റഗുലർ) പരീക്ഷകളിൽ പങ്കെടുക്കുന്നതിന് പരിഗണിക്കാവൂ.

2. റഗുലർ ആയി മുൻവർഷങ്ങളിൽ പരീക്ഷ എഴുതി തോറ്റ ട്രെയിനികളുടെ അപേക്ഷകൾ മാത്രമെ സപ്ലിമെന്ററി പരീക്ഷയ്ക്കായി പരിഗണിക്കുകയുള്ളൂ. (DGT യുടെ 28 / 05 / 2024 ലെ DGT -18011 / 4 / 2023 -O /o DIR (TT )FTS No E -62494 നമ്പർ പുതുക്കിയ ഉത്തരവ് പ്രകാരം സപ്ലിമെന്ററി ട്രെയിനികളുടെ അവസരങ്ങൾ, പരമാവധി 04 ആയി പരിമിതപ്പെടുത്തിയിട്ടുണ്ട്.(1 റെഗുലർ അവസരവും,3 തുടർച്ചയായ സപ്ലിമെന്ററി അവസരങ്ങളും)ഇതനുസരിച്ചുള്ള ട്രെയിനികളുടെ അപേക്ഷകൾ മാത്രമെ സപ്ലിമെന്ററി പരീക്ഷയ്ക്കായി പരിഗണിക്കേണ്ടതുള്ളൂ.DGT യുടെ ഉത്തരവ് ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.)

3. അപേക്ഷ സമർപ്പിയ്ക്കുന്ന സമയം ടി ട്രെയിനി പരിശീലന കാലയളവിൽ 80% ഹാജർ നേടിയിട്ടുണ്ടോയെന്ന് ഉറപ്പാക്കേണ്ടതാണ്.എന്നാൽ **DGTയുടെ ഉത്തരവ്(MSDE - 19/01/2017 -CD Dtd 5 july 2017 ) പ്രകാരം Medical Emergency കേസുകളിൽ ബന്ധപ്പെട്ട പ്രിൻസിപ്പാൾ മാർക്ക് 10 % relaxation മിനിമം അറ്റൻഡൻസിൽ നൽകാം എന്നറിയിച്ചിട്ടുണ്ട്**(ഉത്തരവിന്റെ പകർപ്പ് അറ്റാച്ച് ചെയ്യുന്നു).എന്നാൽ ഇത്തരത്തിൽ relaxation അനുവദിക്കുകയാണെങ്കിൽ ആയതിന്റെ അസ്സൽ രേഖകളും ഫയൽ നോട്ടുകളും നിർബന്ധമായും ഐ ടി ഐ യിൽ സൂക്ഷിക്കേണ്ടതാണ്.

4. നിശ്ചിത സമയ പരിധിക്കുള്ളിൽ ലഭിക്കുന്ന അപേക്ഷകൾ മാത്രമേ സ്വീകരിക്കാവൂ.

5. അപേക്ഷകളിൽ പറഞ്ഞിട്ടുള്ള എല്ലാ വിവരങ്ങളും ട്രെയിനികൾ

പൂരിപ്പിച്ചിട്ടുണ്ടോയെന്ന് ഉറപ്പാക്കേണ്ടതാണ്.

6. ട്രെയിനിയുടെ എസ്.എസ്.എൽ.സിയുടെ പകർപ്പ്, നിശ്ചിത ഫീസ് ഒടുക്കിയതിന്റെ അസ്സൽ പതിപ്പ് തുടങ്ങിയ രേഖകൾ അപേക്ഷയോടൊപ്പം ഉള്ളടക്കം ചെയ്തിട്ടുണ്ടോയെന്ന് ഉറപ്പാക്കേണ്ടതാണ്.

7. ട്രെയിനികളുടെ അപേക്ഷകൾ ഓൺലൈൻ മുഖാന്തിരം ബന്ധപ്പെട്ട പ്രിൻസിപ്പാൾമാർ രേഖപ്പെടുത്തേണ്ടതാണ്. ഓൺലൈൻ എൻട്രി സംബന്ധിച്ച മാർഗ്ഗ നിർദ്ദേശങ്ങൾ പരീക്ഷാ വിഭാഗത്തിൽ നിന്നും നൽകുന്നതാണ്.

8. ഓരോ ദിവസവും ട്രെയിനികളിൽ നിന്ന് ലഭിക്കുന്ന അപേക്ഷകൾ അതാത് ദിവസം തന്നെ ഓൺലൈനായി രേഖപ്പെടുത്തേണ്ടതാണ്.

9. അപേക്ഷ സമർപ്പിച്ചിട്ടുള്ള ട്രെയിനികളുടെ വിവരങ്ങൾ താഴെ പറയുന്ന മാതൃകയിൽ പട്ടികയായി കൈമാറേണ്ടതാണ്.

## അനുബന്ധം – 1

ഐ.ടി.ഐ യുടെ പേര് :

| ക്രമ നം | ട്രെയിനിയുടെ പേര് | ട്രേഡ് | ചെലാൻ നമ്പർ | തുക |
|---|---|---|---|---|
| | | | | |
| | | | | |

(ഓഫീസ് മുദ്ര) പ്രിൻസിപ്പാളിന്റെ ഒപ്പ് :

പേര് :

## പരിശോധനാ സർട്ടിഫിക്കറ്റ്

മുകളിൽ പറഞ്ഞിട്ടുള്ള ട്രെയിനികളുടെ അപേക്ഷകൾ ഡയറക്ടറേറ്റിൽ നിന്ന് അറിയിച്ചിട്ടുള്ള നിർദ്ദേശ പ്രകാരം സൂക്ഷ്മമായി പരിശോധിക്കുകയും എല്ലാ വിവരങ്ങളും ശരിയാണെന്ന് ബോധ്യപ്പെടുകയും ചെയ്തിട്ടുണ്ട്. ആയതിനാൽ ടി ട്രെയിനികളെ ആറുമാസ റഗുലർ പരീക്ഷയ്ക്ക് പങ്കെടുപ്പിക്കുന്നതിന് അനുമതി നൽകാമെന്ന് ശിപാർശ ചെയ്യുന്നു.

(ഓഫീസ് മുദ്ര)

പ്രിൻസിപ്പാളിന്റെ ഒപ്പ് :

ഔദ്യോഗിക പേര് :

ഔദ്യോഗിക മേൽവിലാസം :

സ്ഥലം :

തീയതി :

ടി വിവരങ്ങൾ ലഭിച്ചാൽ മാത്രമേ ട്രെയിനികൾക്ക് ഹാൾടിക്കറ്റ് അനുവദിക്കാൻ സാധിക്കുകയുള്ളൂ. ഏതെങ്കിലും ട്രെയിനിക്ക് ടി വിവരങ്ങൾ ലഭിക്കാത്ത കാരണത്താൽ ഹാൾടിക്കറ്റ് അനുവദിക്കാതെ വരുന്ന സാഹചര്യം ഉണ്ടാകുകയാണെങ്കിൽ ഇതിന്റെ പൂർണ്ണ ഉത്തരവാദിത്തം ബന്ധപ്പെട്ട ഐ.ടി.ഐ പ്രിൻസിപ്പാൾമാർക്ക് മാത്രമായിരിക്കും എന്ന് ശ്രദ്ധയിൽപ്പെടുത്തുന്നു.

ഇപ്രകാരം കൈപ്പറ്റുന്ന അപേക്ഷകളും അനുബന്ധം 1 പ്രകാരമുള്ള ഫോർമാറ്റും ഓൺലൈനായി അപേക്ഷകൾ രേഖപ്പെടുത്തിയതിന്റെ പ്രിന്റൗട്ടും scvttradetest@gmail.com എന്ന ഇ-മെയിൽ വിലാസത്തിൽ 07/07/2024-ന് വൈകുന്നേരം 5 മണിയ്ക്ക് മുൻപായി എത്തിക്കേണ്ടതാണ്. ഇതിൽ വീഴ്ച വരുത്തരുതെന്ന് പ്രത്യേകം ഓർമ്മപ്പെടുത്തുന്നു.

Signed by
Mini Mathew
Date: 03-07-2024 15:43:15

(ഒപ്പ്)

അഡീഷണൽ ഡയറക്ടർ ഓഫ് ട്രെയിനിംഗ്
സെക്രട്ടറി, സ്റ്റേറ്റ് കൗൺസിൽ ഫോർ വൊക്കേഷണൽ ട്രെയിനിംഗ്

എല്ലാ സർക്കാർ/എസ്.സി.ഡി.ഡി/എസ്.ടി.ഡി.ഡി ഐ.ടി.ഐ പ്രിൻസിപ്പാൾമാർക്ക്

പകർപ്പ് :

1. ഡി.റ്റിയുടെ സി.എ/എ.ഡി.റ്റി/സ്പെഷ്യൽ ഓഫീസർ (എസ്.റ്റി.ഐ), എസ്.ഡി.പി (എസ്.പി.ഐ.യു), ജെ.ഡി.റ്റി/ ജെ.ഡി (ആർ.ജെ.ഡി.കണ്ണൂർ)
2. ഡി.എസ്.എ, ഡി.ഡി.റ്റി, ഡി.ഡി.പി,എല്ലാ ഇൻസ്പെക്ടർ ഓഫ്ട്രെയിനിംഗുമാർക്കും, റ്റി.റ്റി.ഒ, എല്ലാ ട്രെയിനിംഗ് ഓഫീസർമാർക്കും, എസ്.എസ്. (ജി),
3. കരുതൽ ഫയൽ (ജി)
4. വകുപ്പ് വെബ്സൈറ്റിലേക്ക്.

"ഭരണഭാഷ – മാതൃഭാഷ"
വ്യാവസായിക പരിശീലനവകുപ്പ്
(കേരളസംസ്ഥാനം)

## നിർദേശങ്ങൾ

വിഷയം:- വ്യാവസായിക പരിശീലന വകുപ്പ് - ട്രെയിനിംഗ് ഡയറക്ടറേറ്റ് - എസ്.സി.വി.ടി ട്രേഡ് ടെസ്റ്റ് ഓഗസ്റ്റ് 2024 - ആറു മാസ കോഴ്സ് (റഗുലർ, സപ്ലിമെന്ററി) - ട്രെയിനികൾ അപേക്ഷകൾ തയ്യാറാക്കുമ്പോൾ പാലിക്കേണ്ട നിർദ്ദേശങ്ങൾ നൽകുന്നത്- സംബന്ധിച്ച്

**********

1) സംസ്ഥാനത്തെ സർക്കാർ ഐ.ടി.ഐകളിൽ 2024 ഫെബ്രുവരി - 2024 ജൂലൈ ആറുമാസ കോഴ്സിൽ പ്രവേശനം നേടിയ ട്രെയിനികളാണ് ഓഗസ്റ്റ് 2024-ന് നടക്കുന്ന എസ്.സി.വി.ടി (റഗുലർ) പരീക്ഷകളിൽ പങ്കെടുക്കുന്നതിന് അപേക്ഷ സമർപ്പിക്കേണ്ടത്.

2) 6 മാസ SCVT ട്രേഡുകളിൽ അഡ്മിഷൻ എടുത്ത് റഗുലർ പരീക്ഷ എഴുതി തോറ്റവരോ പരീക്ഷയിൽ പങ്കെടുക്കാതിരുന്നവരോ ആയ ട്രെയിനികളാണ്(DGT യുടെ 28 / 05 / 2024 ലെ DGT -18011 / 4 / 2023 -O /o DIR (TT )FTS No E -62494 നമ്പർ പുതുക്കിയ ഉത്തരവ് പ്രകാരം സപ്ലിമെന്ററി ട്രെയിനികളുടെ അവസരങ്ങൾ, പരമാവധി 04 ആയി പരിമിതപ്പെടുത്തിയിട്ടുണ്ട്.( 1 റെഗുലർ അവസരവും, 3 തുടർച്ചയായ സപ്ലിമെന്ററി അവസരങ്ങളും) പരീക്ഷയ്ക്ക് അപേക്ഷ സമർപ്പിക്കേണ്ടത്.

3) പരിശീലന കാലയളവിൽ 80% ഹാജർ നേടിയ ട്രെയിനികൾക്ക് മാത്രമേ പരീക്ഷയിൽ പങ്കെടുക്കുന്നതിന് ഹാൾടിക്കറ്റ് വിതരണം നടത്തുകയുള്ളൂ.

4) അനുബന്ധം–1 അപേക്ഷയോടൊപ്പം നൽകേണ്ടതാണ്.

5) "0230-ലേബർ ആന്റ് എംപ്ലോയ്മെന്റ്-00-800-അദർ റസീപ്റ്റ്സ്-88 അദർ ഐറ്റംസ്" എന്ന ശീർഷകത്തിൽ 110/- രൂപയും സപ്ലിമെന്ററി ട്രെയിനികൾ 170/- രൂപയും ഒടുക്കിയ അസ്സൽ ചെലാൻ സഹിതം പൂരിപ്പിച്ച അപേക്ഷകൾ **05/07/2024-ന്** വൈകുന്നേരം 5 മണിയ്ക്ക് മുൻപായി ബന്ധപ്പെട്ട പ്രിൻസിപ്പാൾമാർക്ക് സമർപ്പിയ്ക്കേണ്ടതാണ്.

6) അപേക്ഷകളുടെ രണ്ട് പകർപ്പുകളാണ് ബന്ധപ്പെട്ട പ്രിൻസിപ്പാൾമാർക്ക് സമർപ്പിയ്ക്കേണ്ടത്.

7) ഒരിക്കൽ അടച്ച ഫീസ് യാതൊരു കാരണവശാലും മടക്കി നൽകുന്നതോ മറ്റൊരു പരീക്ഷയ്ക്ക് വകയിരുത്തുന്നതോ അല്ല.

8) പ്രാക്ടിക്കൽ പരീക്ഷയ്ക്ക് യന്ത്രോപകരണങ്ങൾ ഉപയോഗിക്കേണ്ടി വരുന്ന ട്രെയിനികൾ 100/- രൂപ ജാമ്യ നിക്ഷേപ തുകയായി പ്രാക്ടിക്കൽ ടെസ്റ്റിന് മുൻപ് ബന്ധപ്പെട്ട പ്രിൻസിപ്പാൾമാരെ ഏൽപ്പിക്കേണ്ടതും ടെസ്റ്റിന് ശേഷം ബാധ്യതകൾ ഉണ്ടായിട്ടില്ലാത്തപക്ഷം പ്രസ്തുത ജാമ്യ തുക

തിരികെ നൽകുന്നതുമാണ്.

9) പരിശീലനം പൂർത്തിയാക്കിയ സർക്കാർ ഐ.ടി.ഐയിലാണ് അപേക്ഷകൾ സമർപ്പിക്കേണ്ടത്.

10) പരീക്ഷാ കേന്ദ്രം യാതൊരു കാരണവശാലും മാറ്റി നൽകുന്നതല്ല.നിശ്ചിത തീയതി കഴിഞ്ഞ് ലഭിയ്ക്കുന്നതോ അപൂർണ്ണമായതോ, എസ്.എസ്.എൽ.സിയുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ഉള്ളടക്കം ചെയ്യാത്തതോ അപേക്ഷകന്റെ ഒപ്പ് ഇല്ലാത്തതോ, ചെലാന്റെ അസ്സൽ പകർപ്പ് ഇല്ലാത്തതോ ആയ അപേക്ഷകൾ പരിഗണിക്കുന്നതല്ല.

11) പരീക്ഷയുടെ തീയതിയും സമയവും ബന്ധപ്പെട്ട പ്രിൻസിപ്പാൾ മുഖാന്തരം ട്രെയിനികളെ അറിയിക്കുന്നതായിരിക്കും.

12) ഏതെങ്കിലും വിഷയത്തിന്റെ ഉത്തരക്കടലാസ്സിൽ ട്രെയിനി സ്വന്തം റോൾ നമ്പർ തെറ്റായി രേഖപ്പെടുത്തിയാൽ ടി വിഷയത്തിൽ ടി ട്രെയിനി ആബ്സെന്റായി പരിഗണിച്ച് ഫലപ്രഖ്യാപനം നടത്തുന്നതായിരിക്കും. ഒരു കാരണവശാലും റോൾ നമ്പർ തെറ്റായി രേഖപ്പെടുത്തുന്ന ഉത്തരക്കടലാസ്സുകൾ മൂല്യനിർണ്ണയം നടത്തുന്നതല്ലായെന്ന് അറിയിക്കുന്നു.ആയതിനാൽ റോൾ നമ്പറുകൾ ഉത്തരക്കടലാസ്സിൽ ശരിയായി രേഖപ്പെടുത്തുവാൻ ട്രെയിനികൾ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

13) വിജ്ഞാപനത്തോടൊപ്പം ഉള്ളടക്കം ചെയ്തിട്ടുള്ള മാതൃക പ്രകാരമുള്ള എ4 സൈസിലുള്ള അപേക്ഷാഫാറത്തിൽ വേണം അപേക്ഷകൾ സമർപ്പിക്കേണ്ടത്. നിശ്ചിത മാതൃകയിൽ സമർപ്പിയ്ക്കാത്ത അപേക്ഷകൾ നിരസിക്കുന്നതായിരിക്കും.

Signed by
Mini Mathew
Date: 03-07-2024 15:53:42

അഡീഷണൽ ഡയറക്ടർ ഓഫ് ട്രെയിനിംഗ്
സെക്രട്ടറി, സ്റ്റേറ്റ് കൗൺസിൽ ഫോർ വൊക്കേഷണൽ ട്രെയിനിംഗ്

എല്ലാ ട്രെയിനികൾക്കും (ബന്ധപ്പെട്ട പ്രിൻസിപ്പാൾ മുഖാന്തരം)

# SCVT ട്രേഡ് ടെസ്റ്റ് ഓഗസ്റ്റ് 2024 ആറുമാസ റഗുലർ പരീക്ഷയ്ക്കുള്ള അപേക്ഷ ഫോറം

1. പരിശീലനാർത്ഥി പരിശീലനം നേടിയ വ്യാവസായിക പരിശീലന സ്ഥാപനത്തിന്റെ പേര് :
2. ട്രേഡ് :
3. അപേക്ഷകന്റെ പേര് :
4. റോൾ നമ്പർ (S എന്ന് തുടങ്ങുക) :
5. മൊബൈൽ നമ്പർ :
6. ഇ -മെയിൽ ഐ.ഡി :
7. ആൺ/പെൺ :
8. പരിശീലന കാലയളവ് :

## സത്യപ്രസ്താവന

മുകളിൽ പ്രസ്താവിച്ചിരിക്കുന്ന കാര്യങ്ങൾ എന്റെ അറിവിലും, വിശ്വാസത്തിലും ശരിയാണെന്നും, പ്രാക്ടിക്കൽ പരീക്ഷയ്ക്ക് ആവശ്യമായ ഫീസ് അടച്ചുകൊണ്ട് ട്രെയിനിംഗ് ഡയറക്ടറേറ്റിൽ നിന്നും അനുവദിച്ച നൽകുന്ന പരീക്ഷാകേന്ദ്രത്തിൽ പരീക്ഷ എഴുതാൻ സമ്മതമാണ്. മാത്രമല്ല 80% ഹാജർ,മിനിമം ഫോർമേറ്റീവ് അസ്സെസ്സ്മെന്റ് മാർക്ക് 60 % ലഭിച്ചാൽ മാത്രമേ എനിക്ക് ട്രേഡ് ടെസ്റ്റ് എഴുതാൻ ഹാൾ ടിക്കറ്റ് ലഭിക്കുകയുള്ളു വെന്നും,ട്രെയിനിംഗ് ഡയറക്ടർ അനുശാസിക്കുന്ന മാർഗ്ഗ നിർദ്ദേശങ്ങൾക്ക് അനുസരിച്ച സമയ ബന്ധിതമായി എന്റെ ഇ.എം.എസ് പോർട്ടൽ പേജിലെ യോഗ്യതകൾ എല്ലാം ഉറപ്പാക്കിയാൽ മാത്രമേ എനിക്ക് പരീക്ഷ എഴുതാൻ കഴിയുകയുള്ളൂ എന്നുമുള്ള ഉത്തമബോധ്യം എനിക്കുണ്ടെന്നും അറിയിക്കുന്നു.

അപേക്ഷകന്റെ

പേര്:

ഒപ്പ് :

# പ്രിൻസിപ്പാളിന്റെ പരിശോധന റിപ്പോർട്ട്

1. ഫീസ് ഒടുക്കുന്നത് സംബന്ധിച്ചുള്ള വിവരങ്ങൾ

a) ചെലാൻ നമ്പറും തീയതിയും :

b) ട്രഷറിയുടെ പേര് :

c) തുക :

മേൽപ്പറഞ്ഞ അപേക്ഷയിലെ വിശദാംശങ്ങൾ ഓഫീസ് രേഖകൾ പ്രകാരം ശരിയാണെന്ന് ഇതിനാൽ ഞാൻ സാക്ഷ്യപ്പെടുത്തുന്നു. പരിശീലന പൂർത്തീകരണ രജിസ്റ്ററിൽ ടിയാന്റെ പേര് ഉൾപ്പെട്ടിട്ടുണ്ടെന്നും, SCVT അഫിലിയേറ്റഡ് യൂണിറ്റിൽ നിന്നും ആവശ്യമായ പരിശീലനം, പരിശീലന കാലയളവിൽ ടിയാൻ/ടിയാൾ നേടിയിട്ടുണ്ടെന്നും ഞാൻ അറിയിക്കുന്നു. ആയതിനാൽ ടിയാനെ/ടിയാളെ 2024 ഓഗസ്റ്റ് മാസത്തിൽ നടക്കുന്ന SCVT ട്രേഡ് ടെസ്റ്റിൽ പങ്കെടുപ്പിക്കാവുന്നതാണെന്ന് ശിപാർശ ചെയ്യുന്നതിനോടൊപ്പം ടിയാന്റെ/ടിയാളുടെ സ്വഭാവം --------ആണെന്നും പ്രസ്താവിക്കുന്നു.

പ്രിൻസിപ്പാളിന്റെ ഒപ്പ്:

ഔദ്യോഗിക മേൽവിലാസം:

സ്ഥലം :

തീയതി :

(ഓഫീസ് മുദ്ര)

## SCVT ട്രേഡ് ടെസ്റ്റ് ഓഗസ്റ്റ് 2024 ആറുമാസ സപ്ലിമെന്ററി പരീക്ഷയ്ക്കുള്ള അപേക്ഷ ഫോറം

1. പരിശീലനാർത്ഥി പരിശീലനം നേടിയ
   വ്യാവസായിക പരിശീലന സ്ഥാപനത്തിന്റെ പേര് :
2. ട്രേഡ് :
3. അപേക്ഷകന്റെ പേര് :
4. റോൾ നമ്പർ (S എന്ന് തുടങ്ങുക) :
5. മൊബൈൽ നമ്പർ :
6. ഇ -മെയിൽ ഐ.ഡി :
7. ആൺ/പെൺ :
8. പരിശീലന കാലയളവ്,അവസാനമായി
   സപ്ലിമെന്ററിയായി പരീക്ഷ എഴുതിയ വർഷവും മാസവും :

### സത്യപ്രസ്താവന

മുകളിൽ പ്രസ്താവിച്ചിരിക്കുന്ന കാര്യങ്ങൾ എന്റെ അറിവിലും, വിശ്വാസത്തിലും ശരിയാണെന്നും, പ്രാക്ടിക്കൽ പരീക്ഷയ്ക്ക് ആവശ്യമായ ഫീസ് അടച്ചുകൊണ്ട് ട്രെയിനിംഗ് ഡയറക്ടറേറ്റിൽ നിന്നും അനുവദിച്ച നൽകുന്ന പരീക്ഷാകേന്ദ്രത്തിൽ പരീക്ഷ എഴുതാൻ സമ്മതമാണ്. മാത്രമല്ല 80% ഹാജർ,മിനിമം ഫോർമേറ്റീവ് അസ്സെസ്സ്മെന്റ് മാർക്ക് 60 % ലഭിച്ചാൽ മാത്രമേ എനിക്ക് ട്രേഡ് ടെസ്റ്റ് എഴുതാൻ ഹാൾ ടിക്കറ്റ് ലഭിക്കുകയുള്ളു വെന്നും,ട്രെയിനിംഗ് ഡയറക്ടർ അനുശാസിക്കുന്ന മാർഗ്ഗ നിർദ്ദേശങ്ങൾക്ക് അനുസരിച്ച സമയ ബന്ധിതമായി എന്റെ ഇ.എം.എസ് പോർട്ടൽ പേജിലെ യോഗ്യതകൾ എല്ലാം ഉറപ്പാക്കിയാൽ മാത്രമേ എനിക്ക് പരീക്ഷ എഴുതാൻ കഴിയുകയുള്ളൂ എന്നുമുള്ള ഉത്തമബോധ്യം എനിക്കുണ്ടെന്നും അറിയിക്കുന്നു.

അപേക്ഷകന്റെ

പേര്:

ഒപ്പ് :

## പ്രിൻസിപ്പാളിന്റെ പരിശോധന റിപ്പോർട്ട്

1. ഫീസ് ഓടിക്കുന്നത് സംബന്ധിച്ചുള്ള വിവരങ്ങൾ

a) ചെലാൻ നമ്പറും തീയതിയും :

b) ട്രഷറിയുടെ പേര് :

c) തുക :

മേൽപ്പറഞ്ഞ അപേക്ഷയിലെ വിശദാംശങ്ങൾ ഓഫീസ് രേഖകൾ പ്രകാരം ശരിയാണെന്ന് ഇതിനാൽ ഞാൻ സാക്ഷ്യപ്പെടുത്തുന്നു. പരിശീലന പൂർത്തീകരണ രജിസ്റ്ററിൽ ടിയാന്റെ പേര് ഉൾപ്പെട്ടിട്ടുണ്ടെന്നും, SCVT അഫിലിയേറ്റഡ് യൂണിറ്റിൽ നിന്നും ആവശ്യമായ പരിശീലനം, പരിശീലന കാലയളവിൽ ടിയാൻ/ടിയാൾ നേടിയിട്ടുണ്ടെന്നും ഞാൻ അറിയിക്കുന്നു. ആയതിനാൽ ടിയാനെ/ടിയാളെ 2024 ഓഗസ്റ്റ് മാസത്തിൽ നടക്കുന്ന SCVT ട്രേഡ് ടെസ്റ്റിൽ പങ്കെടുപ്പിക്കാവുന്നതാണെന്ന് ശിപാർശ ചെയ്യുന്നതിനോടൊപ്പം ടിയാന്റെ/ ടിയാളുടെ സ്വഭാവം --------ആണെന്നും പ്രസ്താവിക്കുന്നു.

പ്രിൻസിപ്പാളിന്റെ ഒപ്പ്:

ഔദ്യോഗിക മേൽവിലാസം:

സ്ഥലം :

തീയതി :

(ഓഫീസ് മുദ്ര)